## അക്കാദമിക മാസ്റ്റർ പ്ലാൻ

# വിദ്യാ ദർപ്പണം

എൻ.എസ്.എസ്.ജി.എച്ച്.എസ്.പന്തളം

ശുഭപ്രതീക്ഷകളും പ്രതിബദ്ധതയും

കൈകോർത്ത് നേട്ടങ്ങളിലേക്ക് നയിക്കുന്ന

ഓരോദിനവും പുത്തനറിവുകൾക്കും

അനുഭവങ്ങൾക്കും വഴിതെളിക്കുന്ന

വിദ്യാഭ്യാസ യാത്രയുടെ പുത്തൻ പാത-

കൾ തുറക്കുന്ന, കാലം കാത്തുനിൽക്കുന്ന

വിജ്ഞാന വിസ്ഫോടനത്തിന് വഴി-

കാട്ടിയാകാൻ വിദ്യാദർപ്പണം എന്ന

അക്കാദമിക മാസ്റ്റർ പ്ലാനിന് കഴിയട്ടെ.....

ആശംസകളോടെ

രതീദേവി വി

ഹെഡ്മിസ്ട്രസ്

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യുജില്ല | : | പത്തനംതിട്ട |
| സ്കൂൾകോഡ് | : | 38093 |
| സ്കൂളിന്റെ പേര് | : | എൻ.എസ്.എസ്. ജി.എച്ച്.എസ്, പന്തളം |
| വമേൽവിലാസം | : | പന്തളം പി.ഒ |
| | | പത്തനംതിട്ട |
| ഫോൺനമ്പർ | : | 9447103181 |
| പിൻകോഡ് | : | 689501 |
| ഇ-മെയിൽ അഡ്രസ്സ് | : | |
| ലോക്കൽബോഡി | : | പന്തളം മുനിസിപ്പാലിറ്റി |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| സബ്ജില്ല | : | പന്തളം |
| ക്ലാസുകൾ | : | 5 മുതൽ 10 വരെ |
| മാനേജ്മെന്റ് | : | നായർ സർവ്വീസ് സൊസൈറ്റി |
| പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

പത്തനംതിട്ട ജില്ലയിൽ ഏകദേശം തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പന്തളം മുനിസിപ്പാലിറ്റിയിലാണ് എൻ.എസ്.എസ്. ഗേൾസ്ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. പഠന പാഠ്യേതര മേഖലയിൽ സംസ്ഥാനതലത്തിൽ തന്നെ ഉയർന്ന നിലവാരം പുലർത്തുന്ന സ്കൂളുകളിൽ ഒന്നാണിത്. കഴിഞ്ഞ കുറേ വർഷങ്ങളായി പത്തനംതിട്ട ജില്ലയിൽ എസ്. എൽ സിക്ക് ഏറ്റവും കൂടുതൽ **A+** കരസ്ഥമാക്കുന്ന മികവാർന്ന ഒരു സ്ഥാപനമാണിത്.

സംസ്ഥാന ദേശീയ തലത്തിൽ വിവിധ സ്കോളർഷിപ്പുകൾക്ക് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി ഉയർന്ന സ്കോർ നേടുവാൻ ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കുവാനുള്ള കൂട്ടായ പരിശ്രമം നടന്നുവരുന്നു. ഉൾച്ചേരൽ വിദ്യാഭ്യാസം പ്രവർത്തികമാക്കുന്നതിനായി വിവിധ ബോധന തന്ത്രങ്ങൾ ഉപയോഗിച്ചുവരുന്നു. കുട്ടികളുടെ  പഠനത്തെബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽനിന്നും അവരെ മോചിപ്പിക്കുന്നതിനായി ഫലപ്രദമായി കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തിവരുന്നു.

ചിട്ടയായ ആസൂത്രണവും നടപ്പിലാക്കലുമാണ് പഠനപാഠ്യേതര രംഗത്തെ മികവിനു കാരണം. അതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്കൂൾ പി.റ്റി.എ, മാതൃസമിതി, സ്റ്റാഫ് അസ്സോസിയേഷൻ, മാനേജ്മെന്റ് എന്നിവയെല്ലാം പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി നിലകൊള്ളുന്നു. സ്കൂൾക്യാമ്പസ് ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽസ്ഥിരത നിലനിർത്തുന്നതും അക്കാദമിക നിലവാരം ഉയരുന്നു എന്നതിന് പൊതുസമൂഹം നൽകുന്ന അംഗീകാരമാണ്.

കൂടുതൽ ഗുണപരമായോ പാഠ്യപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും എന്നാൽ സ്കൂളിന്റെ അന്തസും, നിലവാരവും വർദ്ധിപ്പിക്കുന്നതിനും പൊതു സമൂഹം വിദ്യാർത്ഥികളിലൂടെ പ്രതീക്ഷിക്കുന്ന ഗുണപരമായ മികവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

ഇന്ത്യയൊട്ടാകെ നടപ്പിലാക്കാൻ ശ്രമിക്കുന്ന ഒരു പൊതു വിദ്യാഭ്യാസ വികസന മാതൃകയായി ഇത് മാറും എന്ന പ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഇവിടെ സമർപ്പിക്കുന്നു.

## ഹൈസ്കൂൾ വിഭാഗം അക്കാദമിക നേട്ടങ്ങൾ

പത്തനംതിട്ട ജില്ലയിൽ പഠന പഠനേതര മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്ന എൻ. എസ്.എസ് ഗേൾസ് ഹൈസ്കൂൾ നിരവധി വർഷങ്ങളായി ജില്ലയിൽ എസ്.എ.ൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ A+, നേടുന്ന വിദ്യാലയമായി. USS, NMMS, പോലുള്ള മത്സര പരീക്ഷകളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് തീവ്ര പരിശീലനം നടത്തി പങ്കെടുപ്പിക്കുകയും ഉന്നതവിജയം കരസ്ഥമാക്കുകയും ചെയ്തുവരുന്നു. പഠനമികവിനൊപ്പം ശാസ്ത്ര സാങ്കേതിക മേഖലകളിലും, സേവനമേഖലകളിലും വിദ്യാർത്ഥികളെ പ്രവർത്തനോത്മുഖമാക്കുന്നതിനു വേണ്ടി, ലിറ്റിൽകൈറ്റ്സ്, JRC, NCC യൂണിറ്റുകൾ, വിദ്യാരംഗം, വിവിധതരം ക്ലബ്ബുകൾ എന്നിവയും സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

## അക്കാദമിക പരിമിതികൾ

ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് അ+, നേടാൻ സാധിക്കുന്നുവെങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരകത്തിലേക്ക് ഉയർന്നില്ല എന്നത് ഒരു പോരായ്മയാണ്. ചിലക്ലാസ്മുറികൾ ടൈൽപാകി ഒരുക്കാൻ സാധിച്ചെങ്കിലും ഇനിയും ചില ക്ലാസ്മുറികൾകൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ശാസ്ത്ര ലാബ് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫിസിക്സ്, കെമസ്ട്രി, ബയോളജി, സോഷ്യൽസയൻസ്, മാത്സ് എന്നിവയ്ക്ക് പ്രത്യേകം ലാബുകളില്ല എന്നുള്ളത് ഒരു ന്യൂനതയാണ്. IT ലാബിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങൾ ധാരാളമുണ്ടെങ്കിലും പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രൊജക്ടർ സൗകര്യം കൂടി ആവശ്യമായി വരുന്നുണ്ട്.

## ഭൗതിക നേട്ടങ്ങൾ

കുറച്ച് ക്ലാസ് റൂമുകളും ലാബും ടൈൽ പാകി ഭംഗിപ്പെടുത്തി ക്ലാസ്മുറികളിൽ ഭൂരിഭാഗത്തിലും ലാപ്ടോപ്പ് സൗകര്യവും പ്രൊജക്ടർ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിനായി ധാരാളം ശുചിമുറികളും പൈപ്പ് സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി വളരെ സുസജ്ജമായ ഒരു ലൈബ്രറി പ്രവർത്തിച്ചുവരുന്നു. ശിശുസൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനായി ഹരിതാഭമായ തണൽവൃക്ഷങ്ങളും ഫലവൃക്ഷങ്ങളും സ്കൂൾ അങ്കണത്തിൽ ഉണ്ട്.

ഏകദേശം 500 ഓളം പേർക്ക് ഇരിക്കാവുന്ന സ്കൂൾ ഓഡിറ്റോറിയം സ്കൂൾ കലോത്സവത്തിനും മറ്റ് അനുബന്ധ പരിപാടികൾ നടത്തുന്നതിനുമായി ഉപയോഗിച്ചുവരുന്നു,

## ഭൗതിക പരിമിതികൾ

നിലവിലുള്ള എല്ലാ ക്ലാസ് മുറികളും ടൈൽ ഇടേണ്ടതായിട്ടുണ്ട്. ലൈബ്രറിയിൽ പുസ്തകങ്ങൾ നിരവധിയുണ്ടെങ്കിലും അവ ആകർഷകമായി ക്രമീകരിക്കാനുള്ള സൗകര്യം ഒരുക്കേണ്ടതായിട്ടുണ്ട്. ലൈബ്രററിയോട് അനുബന്ധമായി റീഡിംഗ് റും സൗകര്യം വിശാലമാക്കേണ്ടതുണ്ട്. വായുവും, വെളിച്ചവും സൗകര്യവുമുള്ള പാചകശാല ഉണ്ടെങ്കിലും അതിനോടനുബന്ധമായി ഒരു ഭോജനശാലകൂടി ക്രമീകരിക്കേണ്ടതുണ്ട്. സ്പോർട്ടസ് റൂം, NCC റൂം എന്നിവ നവീക

രിക്കേണ്ടതായിട്ടുണ്ട്. വിശാലമായ ഗ്രൗണ്ട് കളിക്കാർക്ക് ഉതകുന്നതാണെങ്കിലും ഒരു ഇൻഡോർ സ്റ്റേഡിയം അത്യാവശ്യമാണ്.

## സാമൂഹിക നേട്ടങ്ങൾ

സ്കൂളിലെ വ്യത്യസ്ഥമായ സന്നദ്ധസംഘടനകളുടെ പ്രവർത്തനവും വിവിധ ക്ലബ്ബുകളുടെ കാര്യക്ഷമമായ പ്രവർത്തനവും സ്കൂളിനെ പൊതുസമൂഹവുമായി ബന്ധിബന്ധിപ്പിക്കുന്നതിന് ഏറെസഹായകരമാണ്. ദിനാചരണങ്ങൾ, സാമൂഹ്യശുചിത്വം, ട്രാഫിക്ക് നിയന്ത്രണം, വൃക്ഷതൈ നടീൽ തുടങ്ങിയ മാതൃകാപരമായ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ അംഗീകാരങ്ങൾ പിടിച്ചുപറ്റിയവയാണ്.

## പരിമിതികൾ

പഠനസമയത്തെ ബാധിക്കുന്നു എന്നുള്ളതുകൊണ്ട് എല്ലാ സാമൂഹിക പരിപാടികളും ഏറ്റെടുക്കുവാനും നടപ്പിലാക്കുവാനും സാധിക്കുന്നില്ല എന്നതൊരു പരിമിതിയാണ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഇംഗ്ലീഷ് പഠനം പ്രോത്സാഹിപ്പിക്കൽ
3. വായനാശേഷി വികസനം
4. ശാസ്ത്രാഭിരുചി വികസനം
5. ഗണിതശേഷി വികസനം
6. സയൻസ്, മാത്സ്, സോഷ്യൽസയൻസ് ലബോറട്ടറികളുടെ നവീകരണം.
7. നൈസർഗിക പ്രതിഭാ പോഷണം
8. ലൈബ്രറി നവീകരണം.
9. ജൈവവൈവിധ്യപാർക്ക്
10. USS, NMMS സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾപത്രം, മാസിക
13. കയ്യെഴുത്ത് മാസിക നിർമ്മാണം
14. സ്കൂൾ അദ്ധ്യാപക ശാക്തീകരണം
15. പ്രവർത്തിപരിചയ പരിശീലനം
16. കലാപരിപോഷണം

17. പച്ചക്കറിതോട്ട നിർമ്മാണവും സംരക്ഷണവും
18. സാഹിത്യ ചർച്ചകൾ, ശിൽപശാലകൾ
19. മെഡിക്കൽ ക്യാമ്പുകൾ
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി ഊർജ്ജസ്വലത വർദ്ധിപ്പിക്കൽ
21. സ്കൂൾ വിക്കി കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്
23. ശാസ്ത്ര ഗണിതശാസ്ത്ര, SS, IT പ്രവർത്തി പരിചയമേളകൾ
24. ക്ലാസ് PTA ശാക്തീകരണം
25. കായികശേഷി വികസനം
26. സഹകരണ പഠന പ്രോത്സാഹനം
27. ഗവേഷണാത്മക പഠനം
28. ദിനാചരണങ്ങൾ
29. ശാസ്ത്ര സാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ ഉപയോഗം
30. കാര്യക്ഷമമായ വിലയിരുത്തൽ പ്രക്രീയ
31. കൂടറിയുക, കുട്ടിയെ അറിയുക

## ഇംഗ്ലീഷ് ഭാഷാപഠനം– ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഭാഷ കൈകാര്യം ചെയ്യൽ. | ദിവസവും ഒരുവർഷം | ബന്ധപ്പെട്ട ടീച്ചർ | |
| | 2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ഇംഗ്ലീഷ് ഡിബേറ്റ്, സെമിനാർ, നാടകം പ്രസംഗം എന്നിവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരുവർഷത്തേക്ക് | ക്ലബ്ബ് സെക്രട്ടറി ക്ലാസ്ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ | |
| | 3. ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി (ക്ലബ്ബ് ചുമതലയിൽ) | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷിലുള്ള ഡയറിഎഴുത്ത് എല്ലാകുട്ടിക്കും | എല്ലാദിവസവും | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയിൽസർഗ്ഗ ശേഷി വികസനം | ഇംഗ്ലീഷ് കഥ, കവിത, ലേഖനം രചനാ ക്യാമ്പ് പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒരിക്കൽ ഒരുവർഷം | | PTA പ്രാദേശിക സഹായം |

## മലയാളം– ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കുംമലയാളം നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ പരിചയം<br>4. പദ നിർമ്മാണം<br>5. അന്യ സംസ്ഥാന വിദ്യാർത്ഥികൾക്ക് പ്രത്യേകം ഭാഷാ പരിചയ ക്ലാസ് | ഒരു അക്കാദമിക വർഷം | മലയാളം ടീച്ചർ | PTA |
| 2.സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കൽ | 1. ക്ലാസ് വായനകൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരണം<br>3. പുസ്തക സമാഹരണം<br>4. വായനാകുറുപ്പ് നിർമ്മിക്കൽ<br>5. ജന്മദിന പുസ്തകം<br>6. പത്രവായന | ഒരുവർഷം മുഴുവൻ | മലയാളം ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. സർഗ്ഗശേഷി വികസനം<br><br>ശേഷി വികസനം | 1. വായനാനുഭവം പങ്കുവെയ്ക്കൽ<br>2.പുസ്തകം പരിചയപ്പെടുത്തൽ<br>3.കവിതാലാപന മത്സരം<br>4. ക്ലാസ്തല/സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ<br>5.സാഹിത്യ ചർച്ച/സംവാദം<br>6.സാഹിത്യകാരനുമായി അഭിമുഖം<br><br>പഠന പ്രവർത്തനമായി ദിനാചരണങ്ങൾ സംഘടിപ്പിക്കുക | മാസ ഇടവേള കളിൽ<br><br>ജൂൺ മാർച്ച | വിദ്യാരംഗം SRG<br>മലയാളം ടീച്ചർ<br><br>SRG | PTA |

| ഹിന്ദി<br>മേഖല: അക്കാദമികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1 . എ ല്ലാ കു ട്ടി കൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | 1. ഹിന്ദി ന്യൂസ്പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക.<br>2.ലൈബ്രറിയിൽ ഹിന്ദിയുള്ള ചെറുപസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>3.ഹിന്ദിക്ലബ്ബിനെ ഉർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>4. ആഴ്ചയിൽ ഒരുതവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>5.ഹിന്ദി നാടകം നടത്തുക.<br>6.കുട്ടികളെകൊണ്ട് ചെറുചെറു വിഷയങ്ങളിൽഎഴുതാനുള്ളകഴിവ് വർദ്ധിപ്പിക്കുക<br>7. ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോക്ഷിപ്പിക്കുക. | 2 മാസം<br><br>ആവശ്യമനുസരിച്ച് | ഹിന്ദി ടീച്ചർ<br>ഹിന്ദിടീച്ചർ<br>SRG ഹിന്ദിടീച്ചർ<br>ഹിന്ദിടീച്ചർ | പി.റ്റി.എ സ്പോൺസർഷിപ്പ് |

| സോഷ്യൽ സയൻസ് (മോക്ക് പാർലമെന്റ്) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാന്റിഡേറ്റ്, ബാലറ്റ്, പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർളമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ<br>വർഷത്തിൽ 4 തവണ | SS ധ്യാപകർ | |
| **സാമൂഹ്യശാസ്ത്ര ലൈബ്രറി രൂപീകരണം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | എസ്.എസ്. ടീച്ചർമാർ | |
| സാമൂഹ്യ ശാസ്ത്ര മേഖലയിലെ പുത്തൻ അറിവു ശേഖരണം | സോഷ്യൽ സയൻസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക. | എല്ലാ ദിവസവും | എസ്.എസ്. ടീച്ചർമാർ | |
| ചരിത്ര,ഭൂമിശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ ഒരുക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് വിവരങ്ങൾ രേഖപ്പെടുത്തുക. | വർഷത്തിൽ | എസ്.എസ്. ടീച്ചർമാർ | പി.റ്റി.എ |
| **സംവാദം – സെമിനാർ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ആനുകാലിക വിഷയങ്ങളെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കൽ | സമകാലീക പ്രസക്തിയുള്ള വിഷയങ്ങളിൽ സെമിനാർ, സംവാദം പാനൽ ചർച്ച എന്നിവ സംഘടിപ്പിക്കുക. | മാസത്തിൽ ഒന്ന്. | എസ്.ആർ.ജി എസ്.എസ് ക്ലബ്ബ് | പി.റ്റി.എ |

| സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സാമൂശാസ്ത്രനൂതന അറിവുകൾ - പ്രദർശനം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വായിക്കാനും തിരിച്ചറിയാനും കഴിയുന്ന വിധത്തിൽസോഷ്യൽ സയൻസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ചു | അക്കാദമിക വർഷം മുഴുവൻ | സോഷ്യൽസയൻസ് ക്ലബ്ബ് | പി.റ്റി.എ |
| പഠനയാത്രകൾ | രാജ്യത്തിന്റെ സമ്പന്നമായ പൈതൃകവും പാരമ്പര്യവും തിരിച്ചറിയുന്നതിനായി ചിത്രപ്രധാനമായ സ്മാരകങ്ങൾ, മ്യൂസിയങ്ങൾഎന്നിവിടങ്ങളിലേക്കുള്ള സന്ദർശനം | വർഷത്തിൽ 1 തവണ | സോഷ്യൽ സയൻസ് ക്ലബ് | പി.റ്റി.എ |
| ആശയപ്രകടനശേഷിയും ആശയഗ്രഹണശേഷിയും വളർത്തുകോ | സമകാലീന പ്രസക്തിയുള്ള വിഷയങ്ങളിൽ സംഭവങ്ങൾ സംഘടിപ്പിക്കുക | 10 തവണ | സോഷ്യൽസയൻസ് ക്ലബ്ബ് | |

| ഉപമേഖല : ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കുക | 1. ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത് | പി.ടി.എ, ഗണിതടീച്ചർ | 2,00,000/- |
| | 2. ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ | ജൂൺ - ജൂലൈ | പി.ടി.എ, ഗണിതടീച്ചർ | 2000/- പി.ടി.എ |
| 2. ഗണിതത്തിലെ അടിസ്ഥാനആശയങ്ങൾഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിതടീച്ചർ | പി.ടി.എ |
| | 2. ക്ലാസ്സിലെ കണക്കിൽമിടുക്കരായകുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പക്കൽ | ജൂൺ 1 മാസം | ഗണിതടീച്ചർ | - |
| 3.ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളേയും അധ്യാപകരേയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക് | 1 വർഷം | ഗണിതടീച്ചർ, ഗണിതക്ലബ്ബ് | - |

| ആരോഗ്യ വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സ്വന്തം ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെയും കുടുംബത്തിന്റെ ആരോഗ്യം സംരക്ഷിക്കണ്ടെതിന്റെയും ആവശ്യത്തെ കുറിച്ചുള്ള ഏവ ബോധം സൃഷ്ടിക്കൽ. | സുംബാ ഡാൻസ് ഉൾപ്പെടെ ശരീരചലനം സാധ്യമാക്കുന്ന വിവിധ കളികളുടെ പരിശീലനവും തുടർനടപടികളും<br><br>സ്വയം പ്രതിരോധം നടത്താനുള്ള ആയോധനമുറകളുടെ പരിശീലനം | ഒരുവർഷം<br><br>ഒരുവർഷം | പരിശീലക<br><br>പോലീസ് ഉദ്യോഗസ്ഥർ | |

| സ്കോളർഷിപ്പ് പരിശീലനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പരമാവധി കുട്ടികൾക്ക് പരിശീലനം നൽകി സ്കോളർഷിപ്പ് നേടുന്നതിന് പ്രാപ്തരാക്കുക | USS,NMMS ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് പരിശീലന ക്ലാസുകളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി ജില്ലയിലെ ഏറ്റവും മികച്ച തലമുറയെ വാർത്തെടുക്കുക. | 3 മാസം | അധ്യാപകർ | |

| ഉപമേഖലാ : പ്രവർത്തിപരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രവൃത്തിപരിചയ പരിചയ പരിശീലനം | തൽപരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

| ഉപമേഖലാ : കലാരംഗം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കലാമികവുള്ള വർക്ക് പരിശീലനം | ഉപകരണസംഗീതത്തിലും മറ്റ് കലകളും വാസന ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച്പരിശീലനം നൽകൽ | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | പി.റ്റി.എ 10,000/- |

| ഉപമേഖലാ : ഒ.ആർ.സി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ഒ.ആർ.സി ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ഒ.ആർ.സി. ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്യാമ്പുകളും | ആറ് മാസത്തിൽ ഒരിക്കൽ | ORC Nodael teacher | 50,000/- സാമൂഹ്യനീതി വകുപ്പ് |

**ഉപമേഖല: തൊഴിൽ നൈപുണ്യ വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയംതൊഴിൽ പരിശീലനം | നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് സ്വയംതൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം | സീനിയർ അസിസ്റ്റന്റ് | |

**ഉപമേഖല: കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ<br><br>എ) ഫുഡ്ബോൾ ഡെ ബോർഡിംഗ് പരിശീലനം<br>രാവിലെയും വൈകിട്ടും താൽപര്യമുള്ള 50 പെൺകുട്ടികൾക്ക് ക്ലാസ് സമയത്തിന് മുൻപും പിമ്പും പരിശീലനം | എല്ലാദിവസവും രാവിലെയും വൈകിട്ടും 1 വർഷം<br><br>ഒരുവർഷക്കാലം | കായികാധ്യാപകൻ<br><br>കായികാധ്യാപകൻ | പി.ടി.എ 50,000/- |

**ഉപമേഖലാ : ഹൈടെക് ക്ലാസ് മുറികൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ്റൂമുകൾ ഹൈടെക് ആക്കുന്ന പ്രവർത്തനം. | ആറ് മാസം | PTA | ജനപ്രതിനിധികൾ പൂർവ്വ വിദ്യാർത്ഥികൾ 10,00,000/- |

**ഉപമേഖലാ : കൗൺസിലിങ്ങ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>.<br>ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംഭിച്ച് കൗൺസിലിങ്ങ് , ഗ്രൂപ്പ് കൗൺസിലിങ്ങ് | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | കൗൺസിലിങ്ങ് ടീച്ചർ | - |

| ഉപമേഖല : കലാപരിപോഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br><br>സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം, ഉപകരണസംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോക്ഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | 2019 ജൂൺ മുതൽ 2 വർഷം | കലാധ്യാപകർ എസ്.ആർ.ജി | പി.ടി.എ 1,00,000/- |

| CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സ്കൂളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ പങ്ക് എന്നിവ രക്ഷിതാക്കളെ അറിയിക്കുകയും അവരെ പങ്കെടുപ്പിക്കുകയുംചെയ്യുക | മാസത്തിൽ ഒരു തവണയെങ്കിലും പി.റ്റി.എ വിളിച്ചുകൂട്ടി പഠന പഠനേതര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രക്ഷിതാക്കളെ അറിയിക്കുന്നു. അതുവഴി കുട്ടികളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കാൻ സാധിക്കുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |

| ശാസ്ത്ര പഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | വിദ്യാർത്ഥികലിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനായി വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ സയൻസ് ലാബിൽ നടത്തുകയും അവയിൽ പുനൽ പരീക്ഷണങ്ങൾ നടത്താൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | ഒരു വർഷത്തിൽ 4 തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ |

| ശാസ്ത്ര പരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ശാസ്ത്ര മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | വിവിധ ശാസ്ത്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സമ്മാനങ്ങൾ നേടുന്നതിനും വിദ്യാർത്ഥികലെ പ്രാപ്തരാക്കൽ | ഒരു വർഷം | ശാസ്ത്ര അധ്യാപകർ | പി.റ്റി.എ |
| ശാസ്ത്രേ ലാബ് നവീകരണം | കെമിസ്ട്രി, ബയോളജി, ഫിസിക്സ്, മാത്സ്, സോഷ്യൽ സയൻസ്, ലാബുകൾ വ്യക്തമായി തിരിച്ചറിയത്തക്ക തരത്തിൽ ക്രമീകരിക്കുക. | ഒരു മാസം | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര മാസികകൾ തയ്യാറാക്കൽ | വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായിശാസ്ത്രാനുബന്ധിയായ രചനകൾ നടത്താൻ പ്രോത്സാഹിപ്പിക്കുകയും അവ ശാസ്ത്ര പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | മാസത്തിൽ ഒന്നു വീതം | ശാസ്ത്ര അധ്യാപകർ | |
| പാരമ്പര്യ ഉർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പഎടുത്തൽ | പാരമ്പര്യ ഊർജ്ജ ശ്രോദസ്സുകൾ പ്രയോജനപ്പെടുത്താവുന്ന വിവിധ മാർഗ്ഗങ്ങൾ | ഒരു അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി.റ്റി.എ |

| പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ | വ്യത്യസ്ത തരത്തിലുള്ള ചെടികളും വള്ളി പടർപ്പുകളും വളർത്തിയെടുത്ത് സ്കൂളിനെ ഒരു ജൈവവൈവിധ്യ മേഖലയാക്കി മാറ്റുക. | വർഷം മുഴുവൻ | പിസ്ഥിതി ക്ലബ്ബ് | പി.റ്റി.എ |
| പച്ചക്കറിതോട്ട നിർമ്മാണം | സ്കൂൾ അടുക്കളയിലേക്ക് ആവശ്യമായ പച്ചക്കറികൾനിർമ്മിക്കുന്നതിനായി അടുക്കളതോട്ടം സജ്ജീകരിക്കുക. | | | |
| ഔഷധ തോട്ട നിർമ്മാണം | ഗാർഹിക ഉപയോഗത്തിന് ഉതകുന്ന ഔഷധ സസ്യങ്ങൾ വളർത്തിയെടുക്കുകയും അവ ഉപയോഗിക്കാൻ പ്രാപ്തരാകുകയും ചെയ്യുക. | | | |
| നാട്ടുവൃക്ഷങ്ങളുടെ സംരക്ഷണം | നാട്ടുമാവ്, പുളി മുതലായ നാട്ടുവൃക്ഷങ്ങളെ സംരക്ഷിക്കുകയും അവ അലങ്കരിച്ച് ഭംഗി വർദ്ധിപ്പിക്കുകയും ചെയ്യുക. | | | |

## കായികശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികശേഷി വികസനം<br><br>മികവുറ്റ കായിക താരങ്ങളായി വളർത്തിയെടുക്കൽ | വിദ്യാർത്ഥികൾക്ക് വിവിധ കായിക മത്സരങ്ങളിൽ സമയബന്ധിതമായി പരിശീലനം നൽകുന്നു.<br>വിദഗ്ദ്ധപരിശീലനത്തിലൂടെ വിദ്യാർത്ഥികളെ മികച്ച കായികതാരങ്ങളായി വളർത്തിയെടുക്കുന്നു. | ഒരു വർഷം | കായിക അധ്യാപകർ | പി.റ്റി.എ |

## സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ വ്യക്തിഗത സ്വയം പ്രതിരോധ പരിശീലനം | പെൺകുട്ടികളെ അപകടങ്ങളിൽ നിന്ന് സ്വയം രക്ഷപെടുന്നതിനുതകുന്ന ആയോധന മുറകൾ പരിശീലിപ്പിക്കുന്നു. | ഒരു മാസം | കായികാധ്യാപകരും പരിശീലകരും | |

## കലാബോധവും അവതരണരീതിയും വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കലയുമായി ബന്ധപെട്ട വിവിധമേഖലകളിൽ മികവുറ്റവരാക്കുക, | കുട്ടികളിൽ കലാബോധവും അവതരണശേഷിയും വർദ്ധിപ്പിക്കുന്നതിനായി ചെറിയ ക്ലാസുകൾ മുതൽ എല്ലാ ആഴ്ചാന്ത്യത്തിലും സർഗ്ഗവേളകൾ നടത്തുന്നു | വർഷം മുഴുവൻ | ക്ലാസ് അദ്ധ്യാപകർ | |

# <u>ഉപസംഹാരം</u>

പന്തളം എൻ.എസ്.എസ് ഗേൾസ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ സർവ്വോത്മുഖമായ വികസനം ലക്ഷ്യമാക്കികൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ്. പഠന പാഠ്യേ തര വിഷയങ്ങളിൽ മികവ് നേടുന്നതിനൊപ്പം കുട്ടികളിൽ ശാരീരിക വികസനവും, സാമൂ ഹിക വികസനവും ബൗദ്ധിക വികസനവും ഈ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു. അധ്യാപകരു ടേയും, അനധ്യാപകരുടേയും, പൊതുസമൂഹത്തിന്റെയും, രക്ഷകർത്തൃസമിതിയുടേയും, ഉദ്യോഗസ്ഥ തലത്തിന്റെയും, മാനേജ്മെന്റിന്റെയും പൂർണ്ണമായ സഹകരണവും ആത്മാർത്ഥ മായ പ്രവർത്തനവും കൊണ്ട് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ കഴിയുമെന്ന പ്രത്യാശയാണ് ഇത് നിർമ്മിക്കാൻ സഹായകരമായത്.

വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് നിർമ്മിച്ച ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ സാധിക്കും എന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്.